# ആലുവ സുന്നി മുജാഹിദ് സംവാദവും മടവൂർ വിഭാഗത്തിന്റെ കുതന്ത്രങ്ങളും

(മടവൂർ വിഭാഗം പരാജയപ്പെട്ട കൊണ്ടോട്ടി സംവാദവും ആലുവ സുന്നി മുജാഹിദ് സംവാദവും ഭാഗം.3)

## 1. മടവൂർ വിഭാഗം പരാജയപ്പെട്ട കൊണ്ടോട്ടി സുന്നി മുജാഹിദ് സംവാദം

കൊണ്ടോട്ടിയിൽ വെച്ച് 2006 ഫെബ്രുവരി നാലിന്, മടവൂർ വിഭാഗത്തിലെ എറ്റവും വലിയ ഹദീസ് പണ്ഡിതനായി പരിചയപ്പെടുത്തപ്പെടുന്ന സലാം സുല്ലമിയും, മടവൂർ വിഭാഗത്തിലെ ഏറ്റവും വലിയ പ്രസംഗകനായി അറിയപ്പെടുന്ന അബ്ദുല്ലത്തീഫ് കരുമ്പിലാക്കലും, അലി മദനി മൊറയൂരും കൂടി ഒരു മരുന്ന് കച്ചവടക്കാരനുമായി സംവാദം നടത്തിയ കാര്യവും, മരുന്ന് കച്ചവടക്കാരന്റെ മുമ്പിൽ പിടിച്ച് നിൽക്കാൻ കഴിയാതെ സലാം സുല്ലമിയും കൂട്ടരും ബഹളം വെച്ച് സംവാദത്തിൽ നിന്നും ഒളിച്ചോടിയ കാര്യവും ഞാൻ എന്റെ ലേഖനം 4 ൽ (ഫാക്റ്റ് 13 ൽ) വീഡിയോ ക്ലിപ്പിംഗ് സഹിതം വിശദീകരിച്ചിരുന്നു. ഹദീസ് ഗ്രന്ഥങ്ങൾ നോക്കി തെറ്റ് കൂടാതെ വായിക്കാൻ പോലും അറിയാത്ത പണ്ഡിതൻമാരുമായി സംവാദത്തിന് പോയി അപമാനിതരായി, പ്രസ്തുത സംവാദത്തിന്റെ സി ഡി പുറത്തിറക്കാൻ പോലും കഴിയാതെ, കേരള മുസ്‌ലീങ്ങളുടെ മുമ്പിൽ മുജാഹിദ് പ്രസ്ഥാനത്തെയും തൗഹീദിനെയും ഹുസൈൻ മടവൂരും കൂട്ടരും അപമാനിച്ച കാര്യവും ആ ലേഖനത്തിൽ വിശദീകരിച്ചിരുന്നു.

## 2. ആലുവയിലെ സുന്നി ഔദ്യോഗിക മുജാഹിദ് സംവാദവും മടവൂർ വിഭാഗത്തിന്റെ നുണ പ്രചരണവും

ആലുവയിലെ കുന്നത്തേരിയിൽ വെച്ച് 2009 ജനുവരി നാലിന് സുന്നി പണ്ഡിതരും ഔദ്യോഗിക വിഭാഗം മുജാഹിദ് പണ്ഡിതരും തമ്മിൽ നടന്ന സംവാദത്തെക്കുറിച്ച്, മടവൂർ മുജാഹിദ് വിഭാഗം പണ്ഡിതർ അവരുടെ വാരികയായ ശബാബിൽ തുടർച്ചയായി ലേഖനങ്ങൾ എഴുതിക്കൊണ്ടിരിക്കുകയാണ്. ''അൽപം പോലും ദുർഗന്ധം പുറത്ത് വരാത്ത നിലക്ക് പരിപൂർണമായി ഖബ്റടക്കം ചെയ്യുക'' പോലെയുള്ള അറപ്പുളവാക്കുന്ന വാചകളാണ് മുജാഹിദുകൾക്കെതിരിൽ അവരുടെ ലേഖനങ്ങളിൽ ഉപയോഗിച്ചിരിക്കുന്നത് എന്ന കാര്യം എന്റെ ലേഖനം 4 ൽ (ഫാക്റ്റ് 13 ൽ) വിശദീകരിച്ചിരുന്നു.

> കൂടുതൽ ശ്രദ്ധ പതിപ്പിച്ചത്. അല്ലാത്ത പക്ഷം അല്പംപോലും ദുർഗന്ധം പുറത്തുവരാത്ത നിലയ്ക്ക് ഇവരെ പരിപൂർണമായി ഖബ്റടക്കം ചെയ്യുവാൻ സാധിക്കുമായിരുന്നു.

ഒരു മരുന്ന് കച്ചവടക്കാരന്റെ മുമ്പിൽ പോലും പിടിച്ച് നിൽക്കാൻ കഴിയാത്ത, ശബാബിന്റെ 'മാന്യമായ ഭാഷയിൽ' പറഞ്ഞാൽ, ''ദുർഗന്ധം പുറത്ത് വരാത്ത നിലക്ക്'' മടവൂർ വിഭാഗം പണ്ഡിതരെ ''ഖബ്റടക്കം ചെയ്ത'' 2006 ലെ കൊണ്ടോട്ടി സുന്നി മുജാഹിദ് സംവാദത്തിൽ പങ്കെടുത്ത സലാം സുല്ലമിയും അലി മദനി മൊറയൂരുമൊക്കെയാണ് മുജാഹിദുകൾക്കെതിരിൽ വിമർശനവുമായി ഇറങ്ങിയിരിക്കുന്നത് എന്നതാണ് കൗതുകകരമായ കാര്യം.

## 3. ആലുവ സംവാദത്തെക്കുറിച്ച് സലാം സുല്ലമി ശബാബിലെഴുതിയ (2009 ജനുവരി 30) നാല് പെരും നുണകൾ

2009 ജനുവരി 30 ലെ ശബാബിൽ (പേജ് 19) സലാം സുല്ലമിയെഴുതുന്നു: ''ഈ ഹദീസ് (സുന്നികൾ) സംവാദത്തിൽ ഉദ്ദരിച്ചപ്പോൾ ഹനീഫ കായക്കൊടി, അനസ് മുസ്‌ലിയാർ, ജബ്ബാർ മൗലവി പോലെയുള്ളവർ അൽബാനി ഈ **ഹദീസിന്** രണ്ട് ന്യൂനതകളുണ്ട് (ഫീഹി ഇല്ലത്താനി) എന്ന് പറഞ്ഞിട്ടുണ്ടെന്ന് പറയുകയുണ്ടായി. (നുണ നമ്പർ 1 - ലേഖകൻ). സുന്നികൾ ആ ഭാഗം വായിക്കാൻ പറഞ്ഞപ്പോൾ ഹനീഫ് ഞാൻ ഉച്ചക്ക് ശേഷമുള്ള സെഷനിൽ വായിക്കാം എന്ന് പ്രഖ്യാപിച്ചു. **മധ്യസ്ഥന്മാരും** ഉച്ചക്ക് ശേഷമുള്ള പരിപാടി ആരംഭിക്കുക തന്നെ ഇത് വായിച്ച ശേഷമായിരിക്കുമെന്ന് പ്രഖ്യാപിച്ച് ഉച്ചക്ക് മുമ്പുള്ള പരിപാടി അവസാനിപ്പിച്ചു. (നുണ നമ്പർ 2). ഉച്ചക്ക് ശേഷം സംവാദം ആരംഭിച്ചപ്പോൾ (മുജാഹിദുകൾ) **വായിക്കാൻ വിസമ്മതം കാണിക്കുകയാണ്** ചെയ്തത് (നുണ നമ്പർ 3). അങ്ങിനെ അവർ മുജാഹിദ് പ്രസ്ഥാനത്തിന് അപമാനം ഏൽപിച്ച് **ഒളിച്ചോടുകയാണ്** ചെയ്തത്. (നുണ നമ്പർ 4). യഥാർത്ഥത്തിൽ അൽബാനി ഒരിക്കലും ഈ ഹദീസിനെക്കുറിച്ച് ഇപ്രകാരം പ്രസ്താവിച്ചിട്ടില്ല'' (ഹനീഫ മൗലവിയും പറഞ്ഞിട്ടില്ല - ലേഖകൻ). (ശബാബ് സ്കാൻ ചെയ്ത് പേജ് രണ്ടിൽ കൊടുത്തിരിക്കുന്നു)

പരലോക വിശ്വാസമില്ലാത്തവർ പോലും എഴുതാൻ മടിക്കുന്ന രൂപത്തിൽ, ഒരു പാരഗ്രാഫിൽ നാല് പെരും നുണകളാണ് സലാം സുല്ലമി ശബാബിൽ എഴുതിയിരിക്കുന്നത് എന്ന് ആലുവാ സംവാദത്തിന്റെ വീഡിയോ ക്ലിപ്പിംഗ് സഹിതം എന്റെ കഴിഞ്ഞ ലേഖനത്തിൽ (ലേഖനം 5 / ഫാക്റ്റ് 14 ൽ) വിശദീകരിച്ചിരുന്നു.

പ്രസ്തുത ലേഖനത്തിന് മറുപടിയെഴുതിയ മടവൂർ വിഭാഗം പ്രവർത്തകർ ആരും തന്നെ, സലാം സുല്ലമിയെഴുതിയതിനെ ന്യായീകരിക്കാനോ, നാല് കളവുകളിൽ ഒന്നെങ്കിലും ശരിയാണെന്ന് തെളിയിക്കാനോ തയ്യാറായിട്ടില്ല. സലാം സുല്ലമിയെഴുതിയത് പൂർണ്ണമായും കളവാണെന്ന് അവരും സമ്മതിക്കുന്നു എന്നാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്.

മുജാഹിദ് വിഭാഗം പുറത്തിറക്കിയ ആലുവാ സംവാദത്തിന്റെ സംപൂർണ്ണ സി ഡി കാണാൻ പോലും തയ്യാറാവാതെ, കാന്തപുരം സുന്നി പണ്ഡിതർ അവരുടെ പ്രസിദ്ധീകരണങ്ങളിൽ എഴുതുന്ന എല്ലാത്തരം കളവുകളും **അതേപടി** ശബാബിൽ പകർത്തി എഴുതി, കാന്തപുരം സുന്നികൾക്ക് ശിർക്ക് പ്രചരിപ്പിക്കാൻ സഹായവും ആവേശവും നൽകുന്നത് സലാം സുല്ലമിയെപ്പോലുള്ള ഹദീസ് പണ്ഡിതനും, മുജാഹിദ് വാരികയായി അറിയപ്പെടുന്ന ശബാബിനും ചേർന്നതല്ല എന്നും എന്റെ കഴിഞ്ഞ ലേഖനത്തിൽ വിശദീകരിച്ചിരുന്നു.

## 4. അൽബാനിയെന്ന് കേട്ടപ്പോൾ മുജാഹിദുകൾ **പരിഭ്രാന്തരായി** എന്ന എം ഐ മുഹമ്മദലി സുല്ലമിയുടെ കളവ്.

എം ഐ മുഹമ്മദലി സുല്ലമി ശബാബിൽ (മാർച്ച് 13, പേജ് 19) എഴുതുന്നു: ''ഈസാ നബി(അ) മുഹമ്മദ് നബി(സ)യുടെ ഖബറിങ്കൽ പോയി വിളിക്കുമ്പോൾ മുഹമ്മദ് നബി(സ) ഉത്തരം ചെയ്തുവെന്ന നിവേദനം ഇബ്നു അസാകീർ ഉദ്ദരിച്ചുവെന്ന് സമസ്തക്കാർ പറഞ്ഞപ്പോൾ സംവാദ വീരന്മാർ അത് ബലഹീനമാണെന്ന് പറഞ്ഞു. അബൂയഅ്ല ഉദ്ദരിച്ചുവെന്ന് മുസ്‌ലിയാക്കൾ പറഞ്ഞപ്പോഴും വിഘടിത മുജാഹിദ് മൗലവിമാർക്ക് അത് തള്ളിക്കളയാൻ പ്രയാസമുണ്ടായില്ല. പക്ഷെ, **അൽബാനി** തന്റെ പ്രബലമായ ഹദീസ് പരമ്പരയിൽ

(സിൽസിലത്തുസ്സ്വഹീഹ) 2733 നമ്പറായി അത് **ഉദ്ദരിച്ചു**വെന്ന് കാന്തപുരം കുട്ടികൾ ചൂണ്ടിക്കാണിച്ചപ്പോൾ **മൗലവിമാർ പരിഭ്രാന്തരായി** ''.


ഈസാനബി(അ) മുഹമ്മദ് നബി (സ)യുടെ ഖബ്റിങ്കൽ പോയി വിളിക്കുമ്പോൾ മുഹമ്മദ് നബി(സ) ഉത്തരം ചെയ്തുവെന്ന നിവേദനം ഇബ്നു അസാകിർ ഉദ്ധരിച്ചുവെന്ന് സമസ്തക്കാർ പറഞ്ഞപ്പോൾ സംവാദവിദഗ്ധർ അത് ബലഹീനമാണെന്ന് പറഞ്ഞു. അബൂയഅ്ല ഉദ്ധരിച്ചുവെന്ന് മുസ്‌ലിയാക്കൾ പറഞ്ഞപ്പോഴും വിഘടിത മുജാഹിദ് മൗലവിമാർക്ക് അത് തള്ളിക്കളയാൻ പ്രയാസമുണ്ടായില്ല. പക്ഷേ, അൽബാനി തന്റെ പ്രബലമായ ഹദീസ് പരമ്പരയിൽ (സിൽസിലത്തുസ്സ്വഹീഹ) 2733 നമ്പറായി അത് ഉദ്ധരിച്ചുവെന്ന് കാന്തപുരം കുട്ടികൾ ചൂണ്ടിക്കാണിച്ചപ്പോൾ മൗലവിമാർ പരിഭ്രാന്തരായി. തങ്ങൾ തഖ്‌ലീദ് ചെയ്യുന്ന


അൽബാനിയുടെ കിതാബിൽ നിന്നും ഈ ഹദീസ് സുന്നികൾ വായിച്ചപ്പോൾ ഹനീഫ മൗലവി പറഞ്ഞ മറുപടിയുടെ അവസാന ഭാഗം ഇങ്ങിനെയാണ്: ''ഇസ്തിഗാസക്ക് (സഹായ തേട്ടത്തിന് ഈ ഹദീസ്) തെളിവാണെന്ന്, ഈ തർക്കത്തിലിരിക്കുന്ന പ്രാർഥനക്ക് തെളിവാണെന്ന് പറഞ്ഞാലേ മറ്റ് രണ്ടും പറയേണ്ട ബാധ്യത തന്നെ ഞങ്ങൾക്കുള്ളൂ. അത് നിങ്ങൾക്ക് തെളിയിക്കാൻ കഴിഞ്ഞിട്ടില്ല, പ്രാർഥനയുടെ നിർവചനത്തിലാണല്ലോ തർക്കം, ഹദീസ് സ്വഹീഹാണോ അല്ലേ എന്നതല്ല, പ്രാർഥനയുടെ നിർവചനം പൊളിക്കാനാണ് നിങ്ങൾ അത് (ഹദീസ്) ഉദ്ദരിച്ചത്, അത് (നിർവചനം) പൊളിക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല, ഞങ്ങൾ പറഞ്ഞ (കെ.എൻ.എം മദ്രസാ പാഠപുസ്തകത്തിലെ പ്രാർഥനയുടെ) നിർവചനം ഇപ്പോഴും ഒരു അഹ്സനിക്കും തകർക്കാൻ കഴിയാത്ത ചെങ്കോട്ടയായി നില നിൽക്കുന്നു എന്ന് ഈ സമൂഹം മനസ്സിലാക്കും''.


വാസ്തവത്തിൽ, മുജാഹിദ് മൗലവിമാർക്ക് യാതൊരു തരത്തിലുള്ള പരിഭ്രാന്തിയും ഉണ്ടായിട്ടില്ല എന്നും, തങ്ങളുന്നയിച്ച ഹദീസ് പ്രാർഥനക്ക് തെളിവല്ല എന്ന് തിരിച്ചറിഞ്ഞ സുന്നി പണ്ഡിതരാണ് പരിഭ്രാന്തരായി, സുന്നി മധ്യസ്ഥന്റെ സഹായത്തോടെ സംവാദത്തിൽ നിന്നും ഒളിച്ചോടിയത് എന്നും എന്റെ കഴിഞ്ഞ ലേഖനത്തിൽ വീഡിയോ സഹിതം വിശദീകരിച്ചിരുന്നു. സംവാദ സി ഡി പോലും കാണാതെയാണ് എം ഐ മുഹമ്മദലി സുല്ലമി ഇവിടെ കളവ് എഴുതിയിരിക്കുന്നത്.

5. സലാം സുല്ലമിയുടെ കളവും എം ഐ മുഹമ്മദലി സുല്ലമിയുടെ കളവും തമ്മിൽ ഏറ്റ് മുട്ടുന്നു

സുന്നികൾ സംവാദത്തിൽ തെളിവായിക്കൊണ്ട് വന്ന ഹദീസ്, അൽബാനി തന്റെ പ്രബലമായ ഹദീസ് പരമ്പരയിൽ ഉദ്ദരിച്ചുവെന്ന് മുസ്‌ലിയാക്കൾ ചൂണ്ടിക്കാണിച്ചപ്പോൾ ''അൽബാനി ഈ ഹദീസിന് രണ്ട് ന്യൂനതകളുണ്ട് (ഫീഹി ഇല്ലത്താനി) എന്ന് പറഞ്ഞിട്ടുണ്ടെന്ന് (ഹനീഫ കായക്കൊടി) പറയുകയുണ്ടായി'' എന്നാണ് ശബാബിൽ സലാം സുല്ലമിയെഴുതിയത്. 2009 ജനുവരി 30 ലെ ശബാബിൽ (പേജ് 19) സലാം സുല്ലമിയെഴുതുന്നു:

''ഈ ഹദീസ് (സുന്നികൾ) സംവാദത്തിൽ ഉദ്ദരിച്ചപ്പോൾ ഹനീഫ കായക്കൊടി, അനസ് മുസ്‌ലിയാർ, ജബ്ബാർ മൗലവി പോലെയുള്ളവർ അൽബാനി ഈ ഹദീസിന് രണ്ട് ന്യൂനതകളുണ്ട് (ഫീഹി ഇല്ലത്താനി) എന്ന് പറഞ്ഞിട്ടുണ്ടെന്ന് പറയുകയുണ്ടായി. സുന്നികൾ ആ ഭാഗം വായിക്കാൻ പറഞ്ഞപ്പോൾ ഹനീഫ് ഞാൻ ഉച്ചക്ക് ശേഷമുള്ള സെഷനിൽ വായിക്കാം എന്ന് പ്രഖ്യാപിച്ചു......''


ഈ ഹദീസ് ഖുബൂരികൾ സംവാദത്തിൽ ഉദ്ധരിച്ചപ്പോൾ ഹനീഫ കായക്കൊടി, അനസ് മുസ്‌ലിയാർ, ജബ്ബാർ മൗലവി പോലെയുള്ളവർ അൽബാനി ഈ ഹദീസിന് രണ്ട് ന്യൂനതകളുണ്ട് (ഫീഹി ഇല്ലത്താനി) എന്ന് പറഞ്ഞിട്ടുണ്ടെന്ന് പറയുകയുണ്ടായി. സുന്നികൾ ആ ഭാഗം വായിക്കാൻ പറഞ്ഞപ്പോൾ ഹനീഫ് ഞാൻ ഉച്ചക്ക് ശേഷമുള്ള സെഷനിൽ വായിക്കാം എന്ന് പ്രഖ്യാപിച്ചു. മധ്യസ്ഥന്മാരും ഉച്ചക്ക് ശേഷമുള്ള പരിപാടി ആരംഭിക്കുകതന്നെ ഇത്


വായിച്ച ശേഷമായിരിക്കുമെന്ന് പ്രഖ്യാപിച്ച് ഉച്ചക്ക് മുമ്പുള്ള പരിപാടി അവസാനിപ്പിച്ചു. ഉച്ചക്ക് ശേഷം സംവാദം ആരംഭിച്ചപ്പോൾ നവയാഥാസ്ഥിതികർ വായിക്കാൻ വിസമ്മതം കാണിക്കുകയാണ് ചെയ്തത്. അങ്ങനെ അവർ മുജാഹിദ് പ്രസ്ഥാനത്തിന് അപമാനം ഏല്പിച്ച് ഒളിച്ചോടുകയാണ് ചെയ്തത്. യഥാർഥത്തിൽ അൽബാനി ഒരിക്കലും ഈ ഹദീസിനെക്കുറിച്ച് ഇപ്രകാരം പറഞ്ഞിട്ടില്ല.

സുന്നികൾ സംവാദത്തിൽ തെളിവായിക്കൊണ്ട് വന്ന ഹദീസ്, അൽബാനി തന്റെ പ്രബലമായ ഹദീസ് പരമ്പരയിൽ ഉദ്ദരിച്ചുവെന്ന് മുസ്‌ലിയാക്കൾ ചൂണ്ടിക്കാണിച്ചപ്പോൾ ''മൗലവിമാർ പരിഭ്രാന്തരായി'' എന്ന പെരും നുണ എം ഐ മുഹമ്മദലി സുല്ലമി ശബാബിൽ എഴുതിയത്, ഔദ്യോഗിക വിഭാഗം പണ്ഡിതർ അൽബാനിയെ അന്ധമായി അനുസരിക്കുന്നവരാണ് (തഖ്‌ലീദ് ചെയ്യുന്നവരാണ്) എന്ന് തെറ്റിദ്ധരിപ്പിക്കാനാണ്.

അതേ സമയം, ഇല്ലാത്ത ന്യൂനത മൗലവിമാർ ഉണ്ടെന്ന് പറഞ്ഞു എന്ന് സലാം സുല്ലമി ആരോപിച്ചത്, സംവാദത്തിൽ സുന്നികൾക്കായിരുന്നു വിജയം എന്ന് തെറ്റിദ്ധരിപ്പിക്കാനാണ്. ഒരേ കാര്യം രണ്ട് പേരും രണ്ട് രൂപത്തിൽ എഴുതുന്നു. ഇവിടെ രണ്ട് നുണകളും പരസ്പരം ഏറ്റ് മുട്ടുകയാണ്. ഇതിൽ **ആരാണ് വലിയ നുണ പറഞ്ഞത് എന്നും അവർക്ക് എന്ത് സമ്മാനമാണ് നൽകേണ്ടത്** എന്നും വായനക്കാർ തീരുമാനിക്കുക.

6. അൽബാനിയിൽ നിന്ന് സുന്നികൾ ഹദീസ് ഉദ്ദരിച്ചപ്പോൾ ന്യൂനതയുണ്ടെന്ന് ഹനീഫ മൗലവി പറഞ്ഞിട്ടില്ല

അൽബാനിയിൽ നിന്നും സുന്നി പണ്ഡിതൻ ഹദീസ് ഉദ്ദരിച്ചപ്പോൾ ''ആ ഹദീസിന് രണ്ട് ന്യൂനതയുണ്ടെന്ന് അൽബാനി പറഞ്ഞിട്ടുണ്ട്''എന്ന് ഹനീഫ മൗലവി പറഞ്ഞു എന്നത് കളവാണെന്ന് മനസ്സിലാക്കാൻ താഴെ കൊടുത്തിട്ടുള്ള വീഡിയോ ശ്രദ്ധിക്കുക. (വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക.)

''അൽബാനിയൊക്കെ നിങ്ങൾ എടുത്തില്ലേ, ആ വായിച്ചതിന്റെ താഴെയുണ്ട് ഞാൻ പറഞ്ഞ കാര്യം, വ ഫീഹി ഇല്ലത്താനി (അതിൽ രണ്ട് ന്യൂനതയുണ്ട്) '' ''ഞാൻ പറഞ്ഞ കാര്യം (ന്യൂനതയുള്ള മറ്റൊരു ഹദീസ്) അൽബാനിയുടെ ആ സിൽസിലയിലുണ്ട്, ഇനി അത് വായിച്ച് പഠിച്ചോ, ഞാൻ പറയേണ്ടതില്ലല്ലോ''..''ന്യൂനതയുണ്ടെന്ന് ഞാൻ പറഞ്ഞു, ഞാൻ പറയുന്നു ഇപ്പോഴും ന്യൂനതയുണ്ട്. ആ സനദുകൾ മുഴുവൻ വായിച്ചാൽ ഏത് സനദിലാണ് ന്യൂനത എന്ന് **ഞാൻ പറയും**''

ന്യൂനതയുണ്ടെന്ന് അൽബാനി പറഞ്ഞത് സുന്നികൾ അൽബാനിയിൽ നിന്ന് വായിച്ച ഹദീസിനെക്കുറിച്ചല്ല എന്നും, ഇത് വരെ സുന്നികൾ വായിച്ചിട്ടില്ലാത്ത ഇതേ ആശയമുള്ള അൽബാനിയിലെ മറ്റൊരു ഹദീസിനെക്കുറിച്ചാണ് ന്യൂനതയുണ്ടെന്ന് പറഞ്ഞത് എന്നും, ''പറയും'' എന്ന വാക്കിൽ നിന്നും വ്യക്തമാണ്. എല്ലാ സനദും വായിച്ചാൽ ന്യൂനത കാണിച്ച് തരാമെന്ന് തുടക്കം മുതൽ ഹനീഫ മൗലവി പറഞ്ഞിരുന്നു, ഇപ്പോൾ സുന്നികൾ വായിച്ച സിൽസില എന്ന പുസ്തകത്തിൽ പ്രസ്തുത ഹദീസുണ്ട്, നിങ്ങൾ വായിച്ചതിന്റെ താഴെയുണ്ട്, എന്നാണ് ഇവിടെ ഹനീഫ മൗലവി വിശദീകരിക്കുന്നത്.

## 7. അൽബാനിയിൽ നിന്ന് സുന്നികൾ ഹദീസ് ഉദ്ധരിച്ചപ്പോൾ ഹനീഫ മൗലവി പരിഭ്രാന്തനായിട്ടില്ല

അൽബാനിയിൽ നിന്നും സുന്നി പണ്ഡിതൻ ഹദീസ് ഉദ്ധരിച്ചപ്പോൾ ഹനീഫ മൗലവി പരിഭ്രാന്തനായി എന്നത് കളവാണെന്ന് മനസ്സിലാക്കാൻ താഴെ കൊടുത്തിട്ടുള്ള വീഡിയോ ശ്രദ്ധിക്കുക.

(വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക.)

''നബി(സ) പറഞ്ഞു, എന്ത് , ആരെങ്കിലും നിന്നാൽ, ഖാമ (നിന്നു), ആര് നിന്നാൽ, അദ്ദേഹം നിന്നാൽ, ആര് നിന്നാൽ, പറയണ്ടെ, അതാ ഞാൻ പറഞ്ഞത്, മത്ന് (ഹദീസിന്റെ ആശയം) മുഴുവൻ വായിക്കണം, വായിച്ചോ, വായിച്ചില്ല, വായിക്കാൻ കഴിയുമോ, കഴിയില്ല, ഇൻഷാ അല്ലാഹ്, ഈ സംവാദം കഴിയുന്നതിന് മുമ്പ് ആ മത്ന് ഞാൻ ഇവിടെ വായിക്കും, ഇപ്പോൾ ഞാൻ വായിക്കുന്നില്ല. മുസ്‌ലിയാൻമാരൊന്ന് ഉച്ചഭക്ഷണം കഴിക്കട്ടെ, ആ മത്ന് ഞാൻ വായിച്ചാൽ മുസ്‌ലിയാൻമാർക്ക് ഉച്ച ഭക്ഷണം കഴിക്കാൻ കഴിയില്ല. **ഫീഹി ഇല്ലത്താനി <u>അൽബാനി</u> രേഖപ്പെടുത്തി, എന്തിനാ നിങ്ങൾ അതെടുത്തത്, <u>നിങ്ങളെക്കൊണ്ട് അത് (അൽബാനി) എടുപ്പിക്കും,</u> ഞങ്ങൾക്കറിയാം നിങ്ങൾ അതെടുക്കും, കൊണ്ട് വന്ന് വെച്ച കിതാബുകൾ ഞങ്ങളും കാണുന്നുണ്ടല്ലോ''.**

അൽബാനി വായിക്കാൻ ഹനീഫ മൗലവി ആവശ്യപ്പെടുകയാണ് ഇവിടെ ചെയ്യുന്നത്, പക്ഷെ അൽബാനി എന്ന് കേട്ടപ്പോൾ ഹനീഫ മൗലവി പരിഭ്രാന്തനായി എന്നാണ് എം ഐ സുല്ലമി എഴുതിയത്. ഉച്ചക്ക് ശേഷം ഹദീസിന്റെ ആശയം മുഴുവനും വായിച്ചാൽ, തങ്ങളുടെ കള്ളത്തരം പിടിക്കപ്പെടും എന്ന് മനസ്സിലാക്കിയ, <u>പരിഭ്രാന്തരായ</u> സുന്നി പക്ഷം, എങ്ങിനെയെങ്കിലും സംവാദം കലക്കാൻ തീരുമാനിക്കുകയായിരുന്നു.

ചുരുക്കത്തിൽ, ''സുന്നികൾ സംവാദത്തിൽ തെളിവായിക്കൊണ്ട് വന്ന ഹദീസ്, അൽബാനി തന്റെ പ്രബലമായ ഹദീസ് പരമ്പരയിൽ ഉദ്ധരിച്ചുവെന്ന് മുസ്‌ലിയാക്കൾ ചൂണ്ടിക്കാണിച്ചപ്പോൾ <u>മൗലവിമാർ പരിഭ്രാന്തരായി''</u> എന്ന് എം ഐ മുഹമ്മദലി സുല്ലമി ശബാബിൽ എഴുതിയത് <u>പെരും നുണയാണെന്ന്</u>, ഹനീഫ മൗലവിയുടെ പ്രസംഗത്തിന്റെ ഊർജസ്വലതയും അദ്ദേഹത്തിന്റെ വാക്കുകളിലെ ആത്മവിശ്വാസവും ശ്രദ്ധിക്കുന്ന ആർക്കും ബോധ്യപ്പെടുന്നതാണ്.

## 8. സുന്നികൾ ഉദ്ധരിച്ച ഹദീസ് പ്രവാചകൻമാരുമായി ബന്ധപ്പെട്ടതാണെന്നെഴുതിയാൽ **ശിർക്കാകുമെന്ന്** ശബാബ്

എം ഐ മുഹമ്മദലി സുല്ലമി ശബാബിൽ (മാർച്ച് 13, പേജ് 18) എഴുതുന്നു: ''ഏറ്റവുമൊടുവിൽ നടന്ന ആലുവ സംവാദത്തിൽ മരിച്ചവരോട് സഹായം തേടാനുള്ള തെളിവെന്നോണം (സുന്നികൾ) അവതരിപ്പിച്ചത് അവസാനകാലത്ത് ഈസാ നബിയിറങ്ങുമ്പോൾ മുഹമ്മദ് നബി(സ)യുടെ ഖബ്റിന്നരികിൽ നിന്ന് അവിടുത്തോട് ചോദിക്കുന്ന കാര്യമാണ്. ഇത് ഒരു ന്യൂനതയുമില്ലാത്ത ഹദീസായിരുന്നാൽ പോലും നമുക്ക് മരിച്ചവരോട് തേടാനുള്ള തെളിവാകുകയില്ല. <u>ചോദിക്കുന്ന ആളും ചോദിക്കപ്പെടുന്ന ആളും പ്രവാചകൻമാരാണ്.</u> (2009 ഫെബ്രു 13, വിചിന്തനം. ഔദ്യോഗിക മുജാഹിദ് വാരിക)

ഭൂമിയിൽ ജീവിച്ചിരിക്കുന്ന ഒരു പ്രവാചകൻ മരിച്ച് പോയ നബിയുടെ ഖബ്റിങ്കൽ നിന്ന് വിളിച്ചാൽ നബി(സ) അത് കേൾക്കുകയും ഉത്തരം നൽകുകയും ചെയ്യുമത്രേ!. <u>നബി(സ) മുഅ്ജിസത്തിലൂടെ</u> ഉത്തരം ചെയ്തുവെന്ന് വിശ്വസിച്ചാൽ മതി പോൽ: (ഔദ്യോഗിക മുജാഹിദുകളുടെ) **തൗഹീദ് അപാരം തന്നെ**''.

(ഈസാ നബി(അ) ജീവിച്ചിരിക്കുന്നുണ്ട് എന്ന കാര്യവും, നബി(സ) സലാം മടക്കിയാൽ തന്നെ അത് <u>ഈസാ നബി(അ)യുടെ മുഅ്ജിസത്തായാണ് പരിഗണിക്കേണ്ടത്</u> എന്ന കാര്യവും എം ഐ മുഹമ്മദലി സുല്ലമി ഇവിടെ മറച്ച് വെക്കുകയാണ്. ലേഖകൻ).


"ഏറ്റവുമൊടുവിൽ നടന്ന ആലുവാസംവാദത്തിൽ മരിച്ചവരോട് സഹായംതേടാനുള്ള തെളിവെന്നോണം അവതരിപ്പിച്ചത് അവസാനകാലത്ത് ഈസാനബിയിറങ്ങുമ്പോൾ മുഹമ്മദ് നബി(സ)യുടെ ഖബ്റിന്നരികിൽ നിന്ന് അവിടുത്തോട് ചോദിക്കുന്ന കാര്യമാണ്. ഇത് ഒരു ന്യൂനതയുമില്ലാത്ത ഹദീസായിരുന്നാൽ പോലും നമുക്ക് മരിച്ചവരോട് തേടാനുള്ള തെളിവാകുകയില്ല. ചോദിക്കുന്ന ആളും ചോദിക്കപ്പെടുന്ന ആളും പ്രവാചകന്മാരാണ്." (2009 ഫെബ്രു. 13)

ഭൂമിയിൽ ജീവിച്ചിരിക്കുന്ന ഒരു പ്രവാചകൻ മരിച്ചുപോയ നബിയുടെ ഖബ്റിങ്കൽനിന്ന് വിളിച്ചാൽ നബി(സ) അത് കേൾക്കുകയും ഉത്തരം നൽകുകയും ചെയ്യുമത്രെ! നബി(സ) മുഅ്ജിസത്തിലൂടെ ഉത്തരം ചെയ്തുവെന്ന് വിശ്വസിച്ചാൽ മതി പോൽ! വിഘടിതരുടെ തൗഹീദ് അപാരംതന്നെ.


മുഹമ്മദ് നബി(സ) മാത്രമല്ല, അദ്ദേഹത്തിനു മുമ്പുള്ള നബിമാരും തങ്ങളുടെ മരണാനന്തരം മുഅ്ജിസത്തുകൾ പ്രകടിപ്പിച്ചിട്ടില്ല. അപ്രകാരം സദ്‌വൃത്തരായ അല്ലാഹുവിന്റെ ചില മിത്രങ്ങളുടെ (ഔലിയാക്കളുടെ) കറാമത്തുകൾ അവരുടെ ജീവിതകാലത്ത് ജനങ്ങൾ ദർശിക്കുകയുണ്ടായി. എന്നാൽ മരണാനന്തരം അവർ മുഖേന കറാമത്തുകൾ പ്രത്യക്ഷപ്പെട്ടിട്ടില്ല. ഈസാ നബി(അ)യുടെ ആഗമനവേളയിൽ മുഹമ്മദ് നബിയുടെ ഖബ്റിങ്കൽ അദ്ദേഹം വന്നു വിളിച്ചാൽ നബി(സ) ഉത്തരം ചെയ്യുമെന്ന് വാദിക്കുന്നവർ ജനങ്ങളെ വിളിക്കുന്നത് തൗഹീദിലേക്കോ അതോ ശിർക്കിലേക്കോ?

വീണ്ടും തൗഹീദിലേക്കോ?

''മുഹമ്മദ് നബി(സ) മാത്രമല്ല, അദ്ദേഹത്തിനു മുമ്പുള്ള നബിമാരും തങ്ങളുടെ **മരണാനന്തരം മുഅ്ജിസത്തുകൾ പ്രകടിപ്പിച്ചിട്ടില്ല**. അപ്രകാരം സദ്‌വൃത്തരായ അല്ലാഹുവിന്റ ചില മിത്രങ്ങളുടെ (ഔലിയാക്കളുടെ) കറാമത്തുകൾ അവരുടെ ജീവിതകാലത്ത് ജനങ്ങൾ ദർശിക്കുകയുണ്ടായി. എന്നാൽ മരണാനന്തരം അവർ മുഖേന കറാമത്തുകൾ പ്രത്യക്ഷപ്പെട്ടിട്ടില്ല. ഈസാ നബി(അ) യുടെ ആഗമന വേളയിൽ മുഹമ്മദ് നബിയുടെ ഖബറിങ്കൽ അദ്ദേഹം വന്ന് വിളിച്ചാൽ നബി(സ) ഉത്തരം ചെയ്യുമെന്ന് വാദിക്കുന്നവർ ജനങ്ങളെ വിളിക്കുന്നത് **<u>തൗഹീദിലേക്കോ അതോ ശിർക്കിലേക്കോ</u>**? ''

''ഇത് ഒരു <u>ന്യൂനതയുമില്ലാത്ത ഹദീസായിരുന്നാൽ പോലും</u> നമുക്ക് മരിച്ചവരോട് തേടാനുള്ള തെളിവാകുകയില്ല. <u>ചോദിക്കുന്ന ആളും ചോദിക്കപ്പെടുന്ന ആളും പ്രവാചകൻമാരാണ്''</u> എന്ന് വിചിന്തനത്തിൽ എഴുതിയതിനെ,

''ജനങ്ങളെ **ശിര്‍ക്കിലേക്ക്** വിളിക്കുന്നതായിട്ടാണ്'' എം ഐ മുഹമ്മദലി സുല്ലമി ഇവിടെ ആരോപിക്കുന്നത്. ഔദ്യോഗിക മുജാഹിദ് പണ്ഡിതന്‍മാര്‍ സ്വയം മുശ്‌രിക്കാകുകയും, മറ്റുള്ളവരെക്കൂടി ശിര്‍ക്കിലേക്ക് ക്ഷണിക്കുകയും ചെയ്യുകയാണെന്നുമാണ് എം.ഐ. മുഹമ്മദലി സുല്ലമി ഗവേഷണം നടത്തി കണ്ടെത്തിയിരിക്കുന്നത്. (നഊദു ബില്ലാഹ്)

## 9. സുന്നികള്‍ ഉദ്ദരിച്ച ഹദീസ് പ്രവാചകന്‍മാരുമായി ബന്ധപ്പെട്ടതാണെന്ന് സലാം സുല്ലമി എഴുതുന്നു.

മരണപ്പെട്ടവരോട് വിളിച്ച് തേടാന്‍ തെളിവെന്നോണം സുന്നികള്‍ ആലുവാ സംവാദത്തില്‍ ഉദ്ധരിച്ച ഹദീസിനെക്കുറിച്ച് സലം സുല്ലമി ശബാബില്‍ (ജനുവരി 30) എഴുതുന്നു:

''ഈസാ നബി(അ)ക്ക് ഒരു മുഅ്ജിസത്തായി അല്ലാഹു ചില മനുഷ്യര്‍ക്ക് മരണ ശേഷം ജീവന്‍ നല്‍കി അദ്ദേഹത്തോട് സംസാരിക്കുകയുണ്ടായി. മൂസാ നബി(അ)ക്കും ഇപ്രകാരം ഒരു മുഅ്ജിസത്ത് ഉണ്ടായിട്ടുണ്ട്. ഉസൈര്‍ നബി(അ)യെ നൂറ് വര്‍ഷം മരിപ്പിച്ച് അല്ലാഹു അദ്ദേഹത്തിന് ജീവന്‍ നല്‍കി സംസാരിക്കുകയുായി. ഇത് പോലെ അന്ത്യദിനത്തിന്റെ അടയാളമായി ഈസാ നബി(അ) വന്ന് നബി(സ)യുടെ ഖബറിന്നടുത്തുവെച്ച് നബി(സ)യെ വിളിക്കുമ്പോള്‍ നബി(സ)ക്ക് അല്ലാഹു അദ്ദേഹത്തിന്റെ വിളിക്ക് ഉത്തരം നല്‍കാനുള്ള ജീവന്‍ നല്‍കുമെന്നാണ് ഈ വാറോല സ്വഹീഹാണെന്ന് സങ്കല്‍പിച്ചാല്‍ പോലും അതിന്റെ ഉദ്ദേശ്യം''. **ഈസാ നബി**(അ)യെ ഉയര്‍ത്തുന്നതിന് മുമ്പ് ഒരാളുടെ ഖബറിന്റെ അടുത്ത് വന്ന് വിളിച്ചപ്പോള്‍ അയാള്‍ വിളി കേട്ട് പുറത്ത് വന്ന സംഭവവും ഇവര്‍ക്ക് (സുന്നികള്‍ക്ക്) മരണപ്പെട്ടവരെ വിളിച്ച് തേടാന്‍ തെളിവായി ഉദ്ദരിക്കാമായിരുന്നു.''




ഈസാ നബി(അ)യുടെ ഖബറിന്നടുത്തുവെച്ച് നബി(സ)യെ വിളിക്കുമ്പോള്‍ നബി(സ)ക്ക് അല്ലാഹു അദ്ദേഹത്തിന്റെ വിളിക്ക് ഉത്തരം നല്‍കാനുള്ള ജീവന്‍ നല്‍കുമെന്നും, ഇത് പ്രവാചകന്‍മാരുടെ മുഅ്ജിസത്തുമായി മാത്രം ബന്ധപ്പെട്ടതാണെന്നുമാണ് ഇവിടെ സലാം സുല്ലമി സമര്‍ഥിക്കുന്നത്.

ഔദ്യോഗിക മുജാഹിദ് വാരികയിലെഴുതിയ ''ഇത് ഒരു ന്യൂനതയുമില്ലാത്ത ഹദീസായിരുന്നാല്‍ പോലും നമുക്ക് മരിച്ചവരോട് തേടാനുള്ള തെളിവാകുകയില്ല. ചോദിക്കുന്ന ആളും ചോദിക്കപ്പെടുന്ന ആളും പ്രവാചകന്‍മാരാണ്'' എന്ന വാചകവും, സലാം സുല്ലമി ശബാബിലെഴുതിയ ''ഇത് പോലെ അന്ത്യദിനത്തിന്റെ അടയാളമായി ഈസാ നബി(അ)യുടെ ഖബറിന്നടുത്തുവെച്ച് നബി(സ)യെ വിളിക്കുമ്പോള്‍ നബി(സ)ക്ക് അല്ലാഹു അദ്ദേഹത്തിന്റെ വിളിക്ക് ഉത്തരം നല്‍കാനുള്ള ജീവന്‍ നല്‍കുമെന്നാണ് ഈ വാറോല സ്വഹീഹാണെന്ന് സങ്കല്‍പിച്ചാല്‍ പോലും അതിന്റെ ഉദ്ദേശ്യം'' എന്ന വാചകവും ഒരേ ആശയമാണ് വിശദീകരിക്കുന്നത് എന്ന് കാണാം.

(ആലുവ സംവാദവുമായി ബന്ധപ്പെട്ട് ശബാബില്‍ എഴുതിയ **ഒമ്പത് ലേഖനങ്ങളില്‍, ഈ ഒരു ചെറിയ ഭാഗത്ത് മാത്രമാണ്** സുന്നികളെ വിമര്‍ശിക്കാന്‍ സുല്ലമിമാര്‍ തയ്യാറായിട്ടുള്ളത്. ഔദ്യോഗിക മുജാഹിദ് പണ്ഡിതരെ ശിര്‍ക്കിലേക്ക് പോയവരായും വിവരമില്ലാത്തവരായും ചിത്രീകരിക്കാനും, സുന്നികള്‍ രിസാല മാസികയിലെഴുതുന്ന ആരോപണങ്ങള്‍ ആവര്‍ത്തിക്കാനും, സുന്നികള്‍ സംവാദത്തില്‍ വിജയിച്ചു എന്ന് തെറ്റിദ്ധരിപ്പിക്കാനുമാണ് സലാം സുല്ലമിയും എം.ഐ മുഹമ്മദലി സുല്ലമിയും അവരുടെ ലേഖനങ്ങളുടെ 99% ഭാഗവും ഉപയോഗിച്ചിരിക്കുന്നത് എന്നതാണ് ഖേദകരമായ വസ്തുത.)

## 10. എം ഐ സുല്ലമിയെ മടവൂര്‍ പ്രവര്‍ത്തകര്‍ തഖ്‌ലീദ് ചെയ്താല്‍ സലാം സുല്ലമി മുശ്‌രിക്കാകും

''ഇത് ഒരു ന്യൂനതയുമില്ലാത്ത ഹദീസായിരുന്നാല്‍ പോലും നമുക്ക് മരിച്ചവരോട് തേടാനുള്ള തെളിവാകുകയില്ല. ചോദിക്കുന്ന ആളും ചോദിക്കപ്പെടുന്ന ആളും പ്രവാചകന്‍മാരാണ്'' എന്ന് വിചിന്തനത്തിലെഴുതിയത് ശിര്‍ക്കന്‍ വിശ്വാസമാണെന്നാണല്ലോ എം ഐ സുല്ലമിയുടെ വാദം. ഔദ്യോഗിക മുജാഹിദുകളെ മുഴുവനായും മുശ്‌രിക്കാക്കാന്‍ മാത്രം പാണ്ഡിത്യം എം ഐ സുല്ലമിക്കുണ്ടെന്ന് ഔദ്യോഗിക മുജാഹിദുകള്‍ ആരും തന്നെ വിശ്വസിക്കുന്നില്ല. മടവൂര്‍ വിഭാഗം പണ്ഡിതര്‍ ഗ്രൂപ്പ് വൈരം നിമിത്തം ശബാബില്‍ എഴുതുന്ന ഫത്‌വകള്‍ ഔദ്യോഗിക മുജാഹിദുകള്‍ മുഖവിലക്കെടുക്കാറുമില്ല.

പക്ഷെ, എം ഐ സുല്ലമി ശബാബിലെഴുതിയ ഫത്‌വ മടവൂര്‍ വിഭാഗം മുജാഹിദുകള്‍ക്ക് തീര്‍ച്ചയായും ബാധകമാണ്. അത് കൊണ്ട് തന്നെ, ''ഈസാ നബി(അ)യുടെ ഖബറിന്നടുത്തുവെച്ച് നബി(സ)യെ വിളിക്കുമ്പോള്‍ നബി(സ)ക്ക് അല്ലാഹു അദ്ദേഹത്തിന്റെ വിളിക്ക് ഉത്തരം നല്‍കാനുള്ള ജീവന്‍ നല്‍കുമെന്ന്'' ശബാബില്‍ എഴുതിയതോട് കൂടി സലാം സുല്ലമി ശിര്‍ക്കന്‍ വിശ്വാസക്കാരനായി മാറുന്നു, ശബാബ് ശിര്‍ക്ക് പ്രചരിപ്പിക്കുന്ന വാരികയായും മാറുന്നു.

**ചുരുക്കത്തില്‍, എം ഐ മുഹമ്മദലി സുല്ലമിയെ തഖ്‌ലീദ് ചെയ്യുന്നവര്‍ (അന്ധമായി അനുസരിക്കുന്നവര്‍), ഹുസൈന്‍ മടവൂര്‍ സാഹിബിനെയും കൂട്ടരേയും ശിര്‍ക്കന്‍ വിശ്വാസക്കാരായും ശിര്‍ക്ക് പ്രചരിപ്പിക്കുന്നവരായും ചിത്രീകരിക്കുകയാണ് ചെയ്യുന്നത്.**

## 11. മടവൂർ വിഭാഗം പണ്ഡിതർ ചേകന്നൂരിസത്തിലേക്ക്

ഫർദ് നമസ്കാരം ദിവസത്തിൽ അഞ്ച് നേരം ആവശ്യമില്ല എന്നും മൂന്ന് നേരം മാത്രം മതിയെന്നും ചേകന്നൂർ മൗലവി വാദിച്ചിരുന്നല്ലോ. ഇതിന് വേണ്ടി, അഞ്ച് നേരത്തെ നമസ്കാരം നിർബന്ധമാക്കിയ മിഅ്റാജ് യാത്രയിലെ നബി(സ)യുടെ മുഅ്ജിസത്തുകളെയെല്ലാം നിഷേധിക്കുകയാണ് ചേകന്നൂർ മൗലവി ചെയ്തത്. മൂസാ നബി(അ) ഉൾപ്പെടെ മരണപ്പെട്ട് പോയ പ്രവാചകൻമാർക്ക് ഇമാമായി നബി(സ) നമസ്കരിച്ചു എന്ന് വ്യക്തമാക്കുന്ന ഹദീസിനെയും ചേകന്നൂർ മൗലവി നിഷേധിച്ചിട്ടുണ്ട്. ചേകന്നൂരിന്റെ ഇതേ വഴിയിലാണ് ഇപ്പോൾ മടവൂർ വിഭാഗം പണ്ഡിതരും എഴുതിക്കൊണ്ടിരിക്കുന്നത്.

ജീവിച്ചിരിപ്പുള്ള ഈസാ നബി(അ)യുടെ മുഅ്ജിസത്തിന്റെ ഭാഗമായി, അദ്ദേഹത്തിന് വഫാത്തായ മുഹമ്മദ് നബി(സ) സലാം മടക്കാൻ സാധ്യതയുണ്ട് എന്ന് വിശ്വസിച്ചാൽ തന്നെ മുശ്രിക്കാകുമെന്നാണ് എം ഐ സുല്ലമി ശബാബിൽ എഴുതുന്നത്. ഈസാ നബി(അ) ജീവിച്ചിരിപ്പുണ്ടെങ്കിലും, മുഹമ്മദ് നബി(സ) വഫാത്തായത് കൊണ്ട്, നബി(സ)ക്ക് സലാം മടക്കാൻ കഴിയുകയില്ല എന്നാണ് അദ്ദേഹത്തിന്റെ വാദം. കാരണം മുഹമ്മദ് നബി(സ) സലാം മടക്കിയാൽ അത് മുഹമ്മദ് നബി(സ)യുടെ മുഅ്ജിസത്തായി മാത്രമേ പരിഗണിക്കാവൂ എന്നും, വഫാത്തായ മുഹമ്മദ് നബി(സ) മുഅ്ജിസത്ത് കാണിക്കുമെന്ന് വിശ്വസിക്കുന്നതോട് കൂടി സലാം സുല്ലമിയും മടവൂർ വിഭാഗം പണ്ഡിതരും ശബാബ് വായിക്കുന്നവരും മുശ്രിക്കായിത്തീരുമെന്നുമാണ് എം ഐ മുഹമ്മദലി സുല്ലമി വാദിക്കുന്നത്.

ഇതേ മാനദണ്ഡം അനുസരിച്ച്, മിഅ്റാജ് യാത്രയിൽ ജീവിച്ചിരിപ്പുള്ള മുഹമ്മദ് നബി(സ)യോട് വഫാത്തായ മൂസാ നബി(അ) സംസാരിച്ചു എന്ന് വിശസിക്കുന്ന മുസ്ലീങ്ങളും മുശ്രിക്കായിത്തീരും. ജീവിച്ചിരുപ്പുണ്ടായിരുന്ന മുഹമ്മദ് നബി(സ)യുടെ പിന്നിൽ മരിച്ച് പോയ മറ്റ് പ്രവാചകന്മാർ നമസ്കരിച്ചു എന്നതിനെയും ഇവർ ഫലത്തിൽ നിഷേധിക്കുകയാണ് ചെയ്യുന്നത്. മടവൂർ വിഭാഗം പണ്ഡിതരുടെ ഈ പിഴച്ച വാദം, ചേകനൂരിസത്തിലേക്കാണ് ഇവരെ കൊണ്ട് ചെന്നെത്തിക്കുന്നത്. താമസിയാതെ മിഅ്റാജ് സംഭവത്തെ നിഷേധിക്കാനും ഫർദ് നമസ്കാരം മൂന്ന് വക്ത് മാത്രമെയുള്ളൂ എന്ന് എഴുതാനും ഇവർ മടി കാണിക്കില്ല.

## 12. ശിർക്കും കുഫ്റും ആരോപിച്ച് കാഫിറാകണോ എന്ന് പ്രവർത്തകർ സ്വയം തീരുമാനിക്കുക.

എം ഐ മുഹമ്മദലി സുല്ലമി ശബാബിലെഴുതുന്ന എല്ലാ അബദ്ധങ്ങളും, ഒരു ദീനി പ്രവർത്തനമെന്ന വിശ്വാസത്തോടെ മെയിലിൽ ഫോർവേഡ് ചെയ്യുന്ന മടവൂർ വിഭാഗം പ്രവർത്തകർ, ''ഇത് ഒരു ന്യൂനതയുമില്ലാത്ത ഹദീസായിരുന്നാൽ പോലും നമുക്ക് മരിച്ചവരോട് തേടാനുള്ള തെളിവാകുകയില്ല. ചോദിക്കുന്ന ആളും ചോദിക്കപ്പെടുന്ന ആളും പ്രവാചകൻമാരാണ്''എന്ന് വിചിന്തനത്തിൽ എഴുതിയാൽ അത് ശിർക്കാവുന്നത് എങ്ങിനെയെന്നും, ''ഇത് പോലെ അന്ത്യദിനത്തിന്റെ അടയാളമായി ഈസാ നബി(അ) വന്ന് നബി(സ)യുടെ ഖബറിന്നടുത്തുവെച്ച് നബി(സ)യെ വിളിക്കുമ്പോൾ നബി(സ)ക്ക് അല്ലാഹു അദ്ദേഹത്തിന്റെ വിളിക്ക് ഉത്തരം നൽകാനുള്ള ജീവൻ നൽകുമെന്നാണ് ഈ വാറോല സ്വഹീഹാണെന്ന് സങ്കൽപിച്ചാൽ പോലും അതിന്റെ ഉദ്ദേശ്യം'' എന്ന് ശബാബിൽ എഴുതിയാൽ അത് തൗഹീദാകുന്നത് എങ്ങിനെയെന്നും, മടവൂർ വിഭാഗം പണ്ഡിതരോട് വിശദീകരിക്കാൻ ആവശ്യപ്പെടുക. **മടവൂർ സാഹിബിനെ നേതവായി അംഗീകരിക്കുകയെന്നതാണോ തൗഹീദാവാനുള്ള മാനദണ്ഡം.?.** വ്യക്തമായ ഉത്തരം നൽകാൻ മടവൂർ വിഭാഗം പണ്ഡിതർക്ക് കഴിയുന്നില്ലെങ്കിൽ, ഈമാനുള്ള മുസ്ലീങ്ങൾക്കെതിരിൽ ശിർക്കും കുഫ്റും ആരോപിച്ച് കാഫിറാകണോ എന്ന് മടവൂർ വിഭാഗം പ്രവർത്തകർ സ്വയം തീരുമാനിക്കുക.

## 13. മടവൂർ പ്രവർത്തകർക്ക് പുതു ജീവൻ നൽകുന്നതിന് സുന്നികളെ സഹായിക്കേണ്ടതുണ്ടോ

ആലുവാ സംവാദത്തിൽ ഔദ്യോഗിക മുജാഹിദ് പണ്ഡിതർ പരാജയപ്പെട്ടു എന്നെഴുതി, മടവൂർ വിഭാഗം പ്രവർത്തകർക്ക് ''പുതു ജീവൻ'' നൽകാനും അവരെ തങ്ങളുടെ കൂടെ പിടിച്ച് നിർത്താനുമുള്ള കുൽസിത ശ്രമങ്ങളാണ് ഇപ്പോൾ മടവൂർ സാഹിബും കൂട്ടരും നടത്തുന്നത്. സംവാദത്തിൽ കക്ഷിയല്ലാതിരുന്നിട്ടും മടവൂർ വിഭാഗത്തിലെ എഴുതാനറിയാവുന്നവരെല്ലാം സംവാദത്തെക്കുറിച്ച് എഴുതിക്കൊണ്ടിരിക്കുന്നു. പ്രസംഗിക്കാൻ അറിയാവുന്നവരെല്ലാം സംവാദത്തെക്കുറിച്ച് പ്രസംഗിച്ച് കൊണ്ടിരിക്കുന്നു. എഴുതുന്നത് പരസ്പരം വൈരുദ്ധ്യമാകുന്നത് പോലും അവർ ശ്രദ്ധിക്കുന്നില്ല.

എങ്ങിനെയെങ്കിലും മുജാഹിദുകളുടെ ആത്മവിശ്വാസം നഷ്ടപ്പെടുത്തി കാന്തപുരം സുന്നികൾക്ക് ശിർക്ക് പ്രചരിപ്പിക്കാൻ തുറന്ന അവസരം ഒരുക്കി കൊടുക്കാനുള്ള മടവൂർ വിഭാഗം പണ്ഡിതരുടെ ശ്രമം വിജയിക്കാൻ പോകുന്നില്ല എന്ന് ഇനിയെങ്കിലും അവർ മനസ്സിലാക്കുന്നത് നന്നായിരിക്കും.

മുജാഹിദ് പണ്ഡിതരായി സ്വയം അവകാശപ്പെടുകയും ശിർക്ക് പ്രചരിപ്പിക്കാൻ കാന്തപുരം സുന്നി വിഭാഗത്തിന് സഹായവും പ്രോൽസാഹനവും നൽകുകയും ചെയ്യുന്നവരുടെ കെടുതികളിൽ നിന്ന് മുജാഹിദ് പ്രസ്ഥാനത്തെ അല്ലാഹു കാത്ത് രക്ഷിക്കട്ടെ എന്ന് നമുക്ക് പ്രാർഥിക്കാം. (ആമീൻ)

**നാസർ പാലക്കാട്**

(തുടരും)